# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2199 — 11/02/2020-ൽ മറുപടിക്ക്

## ആശാ വർക്കർമാരുടെ വേതനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | ആശാ വർക്കർമാരുടെ നിലവിലെ വേതനം മറ്റാനുകൂല്യങ്ങൾ എന്നിവ എത്രയെന്ന് അറിയിക്കുമോ; | എ) | കേരളത്തിൽ ആശാപദ്ധതി 2007 ലാണ് ആരംഭിച്ചത് . 2011-12-ലെ സംസ്ഥാന ബജറ്റിൽ ആശമാർക്ക് 300 രൂപ പ്രതിമാസ ഹോണറേറിയം നൽകുന്നതിന് പരാമർശിച്ചിരുന്നു. അതിനു ശേഷം 2011-ജൂലൈയിൽ 500 രൂപയായും, 2012-13-ൽ 600 രൂപയായും, 2013-14-ൽ 700 രൂപയായും, 2014-15-ൽ 900 രൂപയായും, 2015-16-ൽ 1000 രൂപയായും ഉയർത്തിയിട്ടുണ്ട് . ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആശമാരുടെ ഹോണറേറിയം 2016-17-ൽ 1500 രൂപയായും, 2017-18-ൽ 2000 രൂപയായും, 2018-19-ൽ 4000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട് . 2019-20 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഹോണറേറിയം 4500 രൂപയായി ഉയർത്തി . 2020-21 ബഡ്ജറ്റിൽ 500 രൂപ കൂടി വർദ്ധിപ്പിച്ച് പ്രഖ്യാപനവും വന്നിട്ടുണ്ട് . ഇതോടെ ഹോണറേറിയം 5000 രൂപയായി മാറും. കൂടാതെ ചാക്രിക അടിസ്ഥാനത്തിലുള്ള ഭവന സന്ദർശനങ്ങൾക്ക് പ്രതിമാസം 2000 രൂപ നിശ്ചിത ഇൻസെന്റീവായും നൽകി വരുന്നു. ഇതിന് പുറമേ ചെയ്യുന്ന ജോലിക്കനുസൃതമായി വിവിധ പദ്ധതികളിൽ നിന്നും 1500 രൂപ മുതൽ 3000 രൂപ വരെ പ്രതിമാസ ഇൻസെന്റീവും ആശാ വർക്കർമാർക്ക് ലഭിക്കുന്നുണ്ട് . |
| ബി) | ഇപ്പോൾ ആശാ വർക്കർമാർക്ക് അതതുമാസം ഓണറേറിയം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ; | ബി) & സി) | ഇതുവരെ നവംബർ 2019 വരെയുള്ള ഹോണറേറിയം ആശാവർക്കേഴ്സിന് വിതരണം ചെയ്തിട്ടുണ്ട്. ആശാവർക്കേഴ്സിന് വിതരണം ചെയ്യുവാനുള്ള ഡിസംബർ 2019, ജനുവരി 2020 എന്നീ മാസങ്ങളിലെ ഹോണറേറിയം നൽകുന്നതിനുള്ള നടപടികൾ സർക്കാരിൽ സ്വീകരിച്ചു വരുന്നു. |
| സി) | ഇവരുടെ വേതനം അതതുമാസം തന്നെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| ഡി) | ആശാ വർക്കർമാരുടെ വേതനവും മറ്റാനുകൂല്യങ്ങളും ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ; വിശദാംശം നൽകുമോ? | ഡി) | 2020-21 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ആശാവർക്കർമാർക്ക് 500 രൂപ ഹോണറേറിയത്തിൽ വർദ്ധനവ് പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ